**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3465** **08-10-2025 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ ടൈപ്പിസ്റ്റുകളുടെ റേഷ്യോ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ടൈപ്പിസ്റ്റുകൾക്ക് 1996 മുതൽ 2020 വരെ വിവിധ ശമ്പള പരിഷ്കരണങ്ങളിൽ അനുവദിച്ച റേഷ്യോ പ്രമോഷൻ സർക്കാർ കൃത്യമായി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | 1996 മുതൽ 2019 വരെ റേഷ്യോ പ്രമോഷൻ നൽകിയിട്ടുണ്ടെങ്കിലും, കാലാകാലങ്ങളിലുള്ള പേ റിവിഷൻ ഉത്തരവുകൾ പ്രകാരമല്ല റേഷ്യോ പ്രമോഷൻ നൽകിയിട്ടുള്ളത് . |
| (ബി) | റേഷ്യോ പ്രമോഷൻ അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; എപ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ടൈപ്പിസ്റ്റ്മാരുടെ സീനിയോരിറ്റി തർക്കം സംബന്ധിച്ച കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. റേഷ്യോ പ്രമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ